**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 447** **28-01-2026-ൽ മറുപടിയ്ക്ക്**

**<u>സംസ്ഥാനത്തിന്റെ പൊതു കടം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** സംസ്ഥാനത്തിന്റെ മൊത്ത കടബാധ്യത എത്ര രൂപയാണെന്ന് വ്യക്തമാക്കാമോ; കഴിഞ്ഞ സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്തിന്റെ പൊതു കടം എത്ര രൂപയായിരുന്നുവെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്തിന്റെ മൊത്ത കടബാധ്യതയും കഴിഞ്ഞ സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്തിന്റെ പൊതു കടവും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| **സാമ്പത്തിക വർഷം** | **(തുക കോടിയിൽ)** |
|---|---|
| 2025-26 (Monthly Civil Accounts) | 474257.97 **(മൊത്തം കടം)** |
| 2015-16 | 109731 (പൊതു കടം) |

**(ബി)** 2016-17 കാലയളവ് മുതൽ സർക്കാർ എടുത്ത ആഭ്യന്തര വായ്പകളും കേന്ദ്ര വായ്പകളും ഉൾപ്പെടെയുള്ള കടങ്ങളുടെ വിശദാംശങ്ങളും തിരിച്ചടവിന്റെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** 2016-17 കാലയളവ് മുതൽ സർക്കാർ എടുത്ത ആഭ്യന്തര വായ്പകളും കേന്ദ്ര വായ്പകളും ഉൾപ്പെടെയുള്ള കടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

| സാമ്പത്തിക വർഷം | ആഭ്യന്തര വായ്പകൾ | കേന്ദ്ര വായ്പകൾ | പൊതുകടം |
|---|---|---|---|
| 2016-17 | 118268.72 | 7614.14 | 125882.85 |
| 2017-18 | 135500.53 | 7483.99 | 142984.53 |
| 2018-19 | 150991.04 | 7243.41 | 158234.45 |
| 2019-20 | 165960.04 | 8680.18 | 174640.22 |
| 2020-21 | 190474.10 | 9207.63 | 199681.73 |
| 2021-22 | 210791.59 | 9182.96 | 219974.55 |

| | | | |
|---|---|---|---|
| 2022-23 | 227137.07 | 10863.90 | 238000.97 |
| 2023-24 | 257157.92 | 10832.07 | 267989.99 |
| 2024-25 | 296717.59 | 13298.28 | 310015.87 |
| 2025-26 | 321627.73 (as on 31.12.2025) | 14756.21 | 336383.94 |

ആഭ്യന്തര വായ്പയുടെയും കേന്ദ്ര വായ്പയുടെയും തിരിച്ചടവിന്റെ നിലവിലെ സ്ഥിതി പട്ടികയായി ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ആഭ്യന്തര വായ്പ* | കേന്ദ്ര വായ്പ |
|---|---|---|
| 2024-25 | 130948.34 | 1155.77 |

* റിസർവ് ബാങ്കിൽ നിന്നും സംസ്ഥാനം സ്വീകരിച്ച വെയ്സ്&മീൻസ് അഡ്വാൻസിന്റെ തിരിച്ചടവ് കൂടി ഉൾപ്പെടുന്നു.

**(സി)** ഏതെല്ലാം സ്ഥാപനങ്ങൾക്കും പദ്ധതികൾക്കുമാണ് സർക്കാർ ജാമ്യത്തിൽ വായ്പ എടുത്തിട്ടുള്ളതെന്നും അവയുടെ വിശദവിവരവും ലഭ്യമാക്കാമോ;

**<u>മറുപടി:</u>** 34 പൊതുമേഖല സ്ഥാപനങ്ങൾ നാളിതുവരെ സർക്കാർ ജാമ്യത്തിൽ വായ്പ എടുത്തിട്ടുണ്ട്. വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു **(അനുബന്ധം I).**

**(ഡി)** 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ വിവിധയിനങ്ങളിൽ കേന്ദ്രത്തിൽനിന്ന് അനുവദിച്ച തുക എത്രയാണെന്ന് സാമ്പത്തിക വർഷം അടിസ്ഥാനമാക്കി വ്യക്തമാക്കാമോ; ആയതിൽ ഓരോ പദ്ധതിക്കും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ഓരോന്നിനും സംസ്ഥാന വിഹിതമായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും ഇനം തിരിച്ച് വിശദമാക്കുമോ;

**<u>മറുപടി:</u>** 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ വിവിധയിനങ്ങളിൽ കേന്ദ്രത്തിൽനിന്ന് അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ സാമ്പത്തിക വർഷം അടിസ്ഥാനമാക്കി അനുബന്ധത്തിൽ **(അനുബന്ധം II)** ചേർത്തിരിക്കുന്നു. ഓരോ പദ്ധതിക്കും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ഇനം തിരിച്ച് ലഭ്യമാക്കിയിട്ടുണ്ട്. ഈ വിവരങ്ങൾ **PFMS- ൽ ലഭ്യമായ SNA 01 Report & SPARSH 03 Report എന്നിവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ്.**

**(ഇ)** സാമൂഹ്യ സുരക്ഷാ ക്ഷേമ പെൻഷൻ, മറ്റ് വിവിധ ക്ഷേമ പെൻഷനുകൾ, വിവിധ ക്ഷേമനിധി പെൻഷനുകൾ, സ്കോളർഷിപ്പുകൾ, വിവിധ ആരോഗ്യ സുരക്ഷാ പദ്ധതികൾ എന്നിവ നാളിതുവരെ എത്ര മാസത്തോളം കുടിശ്ശിക ഉണ്ടെന്നും കുടിശ്ശിക പൂർണ്ണമായി കൊടുത്തു തീർക്കാൻ എത്ര രൂപ വേണ്ടി വരുമെന്നും ഇനം തിരിച്ച് ലഭ്യമാക്കുമോ?

**<u>മറുപടി:</u>** **<u>മത്സ്യബന്ധന വകുപ്പ്</u>**

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖാന്തിരം, മത്സ്യത്തൊഴിലാളി, അനുബന്ധത്തൊഴിലാളി വാർദ്ധക്യകാല പെൻഷൻ, വിധവ പെൻഷൻ എന്നിങ്ങനെ 3 തരം ക്ഷേമപെൻഷനുകളാണ് വിതരണം ചെയ്യുന്നത്. കുടിശ്ശികയായ ക്ഷേമപെൻഷൻ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

A) 2016-ഒക്ടോബർ മാസം മുതൽ 2023-ഡിസംബർ മാസം വരെയുള്ള കാലയളവിൽ അനുവദിക്കുവാനുള്ള പെൻഷൻ കുടിശ്ശിക ചുവടെ ചേർക്കുന്നു.

1. വാർദ്ധക്യകാല പെൻഷൻ

(മത്സ്യത്തൊഴിലാളി+അനുബന്ധത്തൊഴിലാളി) - ₹21,44,07,600/-

2. വിധവ പെൻഷൻ - ₹ 2,10,23,200/-

ആകെ - ₹ 23,54,30,800/-

B) ഇത് കൂടാതെ, 2025-ഡിസംബർ, 2026-ജനുവരി എന്നീ മാസങ്ങളിലെ മത്സ്യത്തൊഴിലാളി വിധവ പെൻഷൻ കുടിശ്ശികയാണ്. 2025 ഡിസംബർ മാസത്തിൽ 8744 പേർക്കായി 1,74,88,000/- രൂപയും 2026 ജനുവരി മാസത്തിൽ 8810 പേർക്കായി 1,76,20,000/- രൂപയും ചേർന്ന് 3,51,08,000/- രൂപ വേണ്ടി വരും.

**<u>മത്സ്യതൊഴിലാളി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് കുടിശ്ശിക വിവരങ്ങൾ</u>**

നടപ്പ് സാമ്പത്തിക വർഷം മുൻ വർഷങ്ങളിലെ കുടിശ്ശിക ഉൾപ്പെടെയുള്ള വിദ്യാഭ്യാസ ധന സഹായം (പ്രീമെട്രിക് & പോസ്റ്റ്മെട്രിക്) അനുവദിക്കുന്നതിനായി 75.465 കോടി രൂപ അനുവദിച്ച് നൽകിയിരുന്നു. അതിനുപുറമെ മത്സ്യതൊഴിലാളി വിദ്യാർത്ഥികൾക്ക് പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്ന സോഫ്റ്റ് വെയർ ആയ E-grantz 2.0 യുടെ Bill Generation Login ആയ Accountant Clerk ലെ നിലവിലെ Status report പ്രകാരമുള്ള കുടിശ്ശിക വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നം. | അധ്യായന വർഷം | തുക |
|---|---|---|
| 1. | 2024-25 | 8,79,58,314/- |
| 2. | 2025-26 | 8,57,61,966/- |
| | ആകെ | 17,37,20,280/- |

E-grantz 2.0 സോഫ്റ്റ് വെയർ പ്രകാരം കുടിശ്ശികയായിട്ടുള്ള 17,37,20,280/- രൂപയിൽ നിന്നും നിലവിൽ നീക്കിയിരിപ്പുള്ള 3,29,41,310/- രൂപ കിഴിച്ച് ആകെ 14,07,78,970/- രൂപ (പതിനാല് കോടി എഴ് ലക്ഷത്തി എഴുപത്തി എണ്ണായിരത്തി തൊള്ളായിരത്തി എഴുപത് രൂപ മാത്രം) നിലവിൽ വേണ്ടി വരുന്നതാണ്. അപേക്ഷ സമർപ്പിക്കുന്നതിനു സമയ പരിധി നിശ്ചയിച്ചിട്ടില്ലാത്തതിനാൽ വിദ്യാർഥികൾ കൂടുതലായി ആപ്ലിക്കേഷനുകൾ സമർപ്പിക്കുന്നതനുസരിച്ചും അവ പരിശോധിച്ച് ക്ലെയിമുകൾ അതാതു ജില്ല ഓഫീസുകളിൽ നിന്നും അംഗീകരിക്കുന്ന മുറക്കും കുടിശ്ശികയായി വരുന്ന തുക വർദ്ധിക്കുന്നതാണ്.

സ്കോളർഷിപ്പ് കുടിശ്ശികയായി ഭരണവകുപ്പ് കാണിച്ചിരിക്കുന്ന 17,37,20,280/- രൂപയിൽ 13 കോടി രൂപ ധനപുനർവിനിയോഗം വഴി '2405-00-121-97-00-12-00-N-V' ശീർഷകത്തിലേക്ക് G.O (Rt) No. 1472/2026/Fin dated 16.02.2026 പ്രകാരം അനുവദിച്ചിട്ടുണ്ട്.

**<u>സാമൂഹ്യ സുരക്ഷാ പെൻഷൻ</u>**

സാമൂഹ്യ സുരക്ഷാ പെൻഷനും സർക്കാർ സഹായത്തോടെ പെൻഷൻ വിതരണം ചെയ്യുന്ന 16 ക്ഷേമനിധി ബോർഡുകളിലെ പെൻഷനും 2026 ഫെബ്രുവരി മാസം വരെ വിതരണം ചെയ്തിട്ടുണ്ട്. നിലവിൽ ഈ ഇനങ്ങളിൽ കുടിശ്ശികയില്ല.

**<u>ന്യൂനപക്ഷക്ഷേമ വകുപ്പ്</u>**

വകുപ്പ് മുഖേന വിതരണം ചെയ്തുവരുന്ന സ്കോളർഷിപ്പുകളിൽ കുടിശ്ശികയൊന്നും തന്നെയില്ല. നിലവിൽ മാർഗ്ഗദീപം സ്കോളർഷിപ്പ്, വിദേശ ഉപരിപഠനത്തിനുള്ള സ്കോളർഷിപ്പ്, IITs/IIM/IISc/IMSc സ്കോളർഷിപ്പ് എന്നിവയുടെ ഫണ്ട് വിതരണം പൂർത്തിയായിട്ടുണ്ട്. സി.എ/ സി.എം.എ/ സി.എസ് സ്കോളർഷിപ്പ്, പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ്, സിവിൽ സർവ്വീസ് ഫീ റീ-ഇംബേഴ്സ്മെന്റ് സ്കീം, എ.പി.ജെ. അബ്ദുൽ കലാം സ്കോളർഷിപ്പ്, മദർ തെരേസ സ്കോളർഷിപ്പ്, സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ്, സി.എം റിസർച്ച് സ്കോളർഷിപ്പ് ഫോർ മൈനോരിട്ടീസ് എന്നിവയുടെ ഫണ്ട് ഫെബ്രുവരി മാസം ആദ്യവാരത്തോടു കൂടി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുള്ളതാണ്.

**<u>കേരള അങ്കണവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് വെൽഫെയർ ഫണ്ട് അംശാദായ പെൻഷൻ</u>**

അംശദായ പെൻഷൻ ഇനത്തിൽ കേരള അങ്കണവാടി വർക്കേഴ്സ് ആൻഡ് ഹെൽപെഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ 2025 ഡിസംബർ മുതൽ 2026 ഫെബ്രുവരി വരെ 3 മാസത്തെ പെൻഷൻ 12,57,69,000/- രൂപ (പന്ത്രണ്ട് കോടി ആൻപത്തിയേഴ് ലക്ഷത്തി അറുപത്തിയൊൻപതിനായിരം രൂപ മാത്രം) കുടിശ്ശിക ഉണ്ട്. കുടിശ്ശിക വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കുടിശ്ശിക കാലയളവ് | പെൻഷന് അർഹതയുള്ള പ്രവർത്തകരുടെ എണ്ണം | പ്രതിമാസം ആവശ്യമായ തുക (രൂപയിൽ) | 12/2025 മുതൽ 02/2026 വരെ ആവശ്യമായ തുക (രൂപയിൽ) |
|---|---|---|---|
| 12/2025 മുതൽ 02/2026 വരെ | 20844 | 4,19,23,000 | 12,57,69,000 |

അങ്കണവാടി ജീവനക്കാർ നൽകുന്ന സംഭാവനയും സർക്കാർ നൽകുന്ന സംഭാവനയും (20%) ചേർന്ന തുകയും ആ തുകയിന്മേലുള്ള പലിശയും ചേരുന്ന ക്ഷേമനിധി ഫണ്ടിൽ നിന്നും ബോർഡാണ് പെൻഷൻ ആനുകൂല്യങ്ങൾ നൽകേണ്ടത്. സർക്കാർ നൽകേണ്ട 20% തുക 2235-02-102-89-10-Non Plan ശീർഷകത്തിൽ വകയിരുത്തി എല്ലാ വർഷവും അനുവദിച്ചുവരുന്നു. അപ്രകാരം നടപ്പു വർഷം 2235-02-102-89-10-Non Plan ശീർഷകത്തിൽ വകയിരുത്തി 9 കോടി രൂപയും അധികധനാനുമതിയായി 32.32 കോടി രൂപ കൂടി അനുവദിച്ചിട്ടുണ്ട്. ക്ഷേമനിധി ഫണ്ടിലേക്ക് അനുവദിക്കുന്ന സർക്കാർ വിഹിതത്തിൽ മേൽ കുടിശ്ശികയൊന്നുമില്ല.

**<u>പട്ടികജാതി & പട്ടികവർഗ്ഗ വികസന വകുപ്പ്</u>**

പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്കായി പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന സ്കോളർഷിപ്പ് പദ്ധതികളിൽ പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതി, കേന്ദ്ര വിഹിതം ഉൾപ്പെടുന്ന പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി (കുടുംബ വാർഷിക വരുമാന പരിധി 2.5 ലക്ഷം വരെയുള്ള വിദ്യാർത്ഥികൾ), പ്രീമെട്രിക് സ്കോളർഷിപ്പ് –Component 1, പ്രീമെട്രിക് സ്കോളർഷിപ്പ്–Component 2 എന്നിവയിൽ കുടിശ്ശികയൊന്നുമില്ല.

പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതിയിൽ 29.01.2026 വരെ അപ്രൂവൽ ലഭിച്ച 2024-25 അധ്യായന വർഷം വരെയുള്ള സ്കോളർഷിപ്പ് ക്ലെയിമുകൾ പൂർണ്ണമായും പേയ്മെന്റ് ചെയ്തിട്ടുണ്ട്. 2025-26 വർഷത്തിൽ കേന്ദ്ര വിഹിതം ഉൾപ്പെടുന്ന പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതിയിൽ അപ്രൂവൽ ലഭിക്കുന്ന സ്കോളർഷിപ്പ് ക്ലെയിമുകളുടെ സംസ്ഥാന വിഹിതം (40%) യഥാസമയം പേയ്മെന്റ് ചെയ്തു വരുന്നുണ്ട്. സംസ്ഥാന പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതിയിൽ (കുടുംബ വാർഷിക വരുമാന പരിധി 2.5 ലക്ഷത്തിനു മുകളിലുള്ള വിദ്യാർത്ഥികൾ) 09/02/2026 തീയതി ജനറേറ്റ് ചെയ്ത ബില്ല്

പ്രകാരം ₹63,55,46,084/- രൂപ വിതരണം ചെയ്യേണ്ടതായുണ്ട്. ആയത് ഫണ്ട് ലഭ്യതക്ക വിധേയമായി പേയ്മെന്റ് ചെയ്യുന്നതാണ്. പ്രസ്തുത തുക വിതരണം ചെയ്യുന്നതിലേക്കായി ബന്ധപ്പെട്ട ശീർഷത്തിൽ അധികധനാനുമതി മുഖേന ഫണ്ട് ലഭ്യമാക്കുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**

## Details of Government Guarantees outstanding as on 30.09.2025

| Sl. No. | Name of PSU | Name of Financing Institutions | Total Amount guaranteed | Amount Outstanding as on 30.09.2025 |
|---|---|---|---|---|
| 1 | KSRTC | Consortium led by SBI | 315000.00 | 270719.00 |
| 2 | Kerala Urban and Rural Development Finance Corporation Limited(KURDFC) | HUDCO | 547000 | 374443.2 |
| 3 | SIDCO | SBI | 65.66 | 66.1 |
| 4 | KSFE | KSFE | 3000000 | 2606569 |
| 5 | The Kerala State Development Corporation for Scheduled Castes & Scheduled Tribes(KSDC for SC& ST) | NSTFDC,NSFDC | 11500 | 12086.76 |
| 6 | KEL | SBI & Kerala Bank | 5000 | 2254.98 |
| 7 | Travancore Rayons Limited(TRL) | KSIDC, KTWWFB | 3125.00 | 34503 |
| 8 | TRACO | SBI/Kerala Bank | 10000 | 2209.76 |
| 9 | Kerala State Textiles Corporation Limited(KSTC) | SBI | 180 | 195.27 |
| 10 | Kerala Transport Development Finance Corporation Limited(KTDFC) | KTDFC | 450000 | 24682.12 |
| 11 | Kerala State Womens Development Corporation Limited(KSWDC) | NSFDC NSTFDC NSKFDC NMDFC | 110056 | 84200.28 |
| 12 | KELPALM | NBCFDC | 150 | 95.999 |
| 13 | Kerala State Backward Classes Development Corporation Limited(KSBCDC) | NBCFDC,NMDFC,NSKFDC | 242300 | 142802.67 |
| 14 | Kerala Artisans Development Corporation Limited , Thiruvananthapuram (KADCO) | NBCFDC | 1905.295 | 298.46 |
| 15 | Handicrafts Development Corporation of Kerala Limited(HDCK) | NBCFDC | 2500 | 462.56 |
| 16 | KKVIB | Khadi and Village Industries Commission | 4504.47 | 438.1 |
| 17 | Kerala State Co-operative Agricultural and Rural Development Bank Ltd. | NABARD | 728212.65 | 54418.77 |

| Sl. No. | Name of PSU | Name of Financing Institutions | Total Amount guaranteed | Amount Outstanding as on 30.09.2025 |
|---|---|---|---|---|
| 18 | Kerala State Co-operative Federation for Fisheries Development Limited (MATSYAFED) | NBCFDC,NMDFC | 33262 | 13207.63 |
| 19 | Malappuram Co-operative Spinning Mills Limited(MCSM) | SBI | 230 | 130.37 |
| 20 | KWA | LIC | 33811.27 | 1,129.24 |
| 21 | Kerala State Minorities Development Finance Corporation(KSMDFC) | NMDFC | 15000 | 4,015.14 |
| 22 | Kerala State Handicapped Persons Welfare Corporation Ltd | NHFDC | 5500 | 7250.68 |
| 23 | Kerala State Financial Enterprises Staff Co-operative Society Ltd. T 777 | KSFE Ltd | 1500 | 750 |
| 24 | KIIFB | NABARD, SBI, KSFE... | 3863071 | 2856764 |
| 25 | Kerala State Coir Corporation | Canara Bank | 3000 | 390.56 |
| 26 | SUPPLYCO | Nil | 250000 | 249000 |
| 27 | Rehabilitation Plantation Ltd (RPL) | Govt. Of Kerala | 450 | 450 |
| 28 | Meat Product of India | Kerala Bank | 1000 | 10.28 |
| 29 | Kochi Metro Rail Ltd | HUDCO, Canara bank & Union Bank of India | 151389.85 | 151410.03 |
| 30 | Kerala Social Security Pension Ltd. | KMTWWFB , KSFE , KFC | 1400000 | 532069 |
| 31 | Vizhinjam International Seaport Limited | NABARD | 210000 | 89000 |
| 32 | Kerala Agro Machinery Corporation Ltd.(KAMCO) | Union Bank of India | 2000 | 2000 |
| 33 | The Kerala Cashew Board Ltd | Kerala Bank | 15000 | 12609.4 |
| 34 | Kerala Paper Products Ltd. | Canara Bank | 3000 | 2,581.46 |
| TOTAL | | | 11424213.195 | 7533213.819 |